**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *443 | 27.06.2014-ലെ മറുപടിക്ക്

**സമഗ്ര ക്ഷീരവികസന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എ.എം.ആരിഫ് | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ പാൽക്ഷാമം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; പാലിന്റെ പ്രതിദിന ആവശ്യവും ലഭ്യതയും ഏറ്റവും കൂടുതലും കുറവുമുള്ള മേഖലകളെക്കുറിച്ച് വിശദമാക്കുമോ ; | (എ) ഇല്ല.<br>മിൽമയുടെ കീഴിലുള്ള മൂന്ന് മേഖലാ യൂണിയനുകളിൽ, മലബാർ മേഖലാ യൂണിയനിൽ വിതരണത്തിന് ആവശ്യമുള്ളതിനേക്കാൾ പാൽ സംഭരണം കൂടുതലാണ്. സംസ്ഥാനത്തിന്റെ മദ്ധ്യ-തെക്കൻ മേഖലകളിലാണ് പാലിന്റെ ലഭ്യത കുറവുള്ളത്. കുറവ് പരിഹരിക്കാൻ അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ ശേഖരിച്ച് വിതരണം ചെയ്യുന്നു. |
| (ബി) പാൽക്ഷാമം കൂടുതലായി നേരിടുന്ന മേഖലകളിൽ അതിന്റെ കാരണവും പരിഹാരവും സംബന്ധിച്ച് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്തിന്റെ മദ്ധ്യ-തെക്കൻ ജില്ലകളിലാണ് പാലിന്റെ ആവശ്യകത പൂർണ്ണമായും നിറവേറ്റാൻ കഴിയാതെ വന്നിട്ടുള്ളത്. ടി മേഖലകളിൽ നഗരവൽക്കരണം കൂടുന്നത് മൂലം കന്നുകാലി വളർത്താൻ അനുയോജ്യമായ ഭൂപ്രദേശത്തിന്റെ അളവിൽ വന്ന കുറവും നാണ്യ വിളകളുടെ കൃഷിയിലേയ്ക്കും മറ്റു ചെറുകിട സംരംഭങ്ങളിലേയ്ക്കും കൃഷിക്കാർ തിരിഞ്ഞതും ഇതിനു കാരണമായി കണക്കാക്കുന്നു.<br>കൂടുതൽ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് സമഗ്ര ക്ഷീര- വികസന പദ്ധതി, എം.എസ്.ഡി.പി തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.<br>മിൽമയുടെ കീഴിലുള്ള മൂന്ന് മേഖലാ യൂണിയനുകളിൽ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകളിലാണ് പാലിന്റെ വിതരണവും സംഭരണവും തമ്മിലുള്ള അന്തരം കൂടുതൽ. മലബാർ മേഖലാ യൂണിയനിൽ വിതരണത്തിന് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ പാൽ സംഭരണം നടക്കുകയും ഇപ്രകാരം അധികം വരുന്ന പാൽ മറ്റു രണ്ടു മേഖലാ യൂണിയനുകളിലേയ്ക്ക് നൽകുകയും ചെയ്യുന്നു. പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ |

കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും മിൽമയുടെ മേഖലാ യൂണിയനുകൾ കേന്ദ്രാവിഷ്കൃത പദ്ധതികളായ Integrated Dairy Development Programme (I.D.D.P), Clean Milk Production (C.M.P) എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ National Dairy Plan പ്രകാരമുള്ള Village Based Milk Procurement System, Ration Balancing Programme എന്നിവ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കേന്ദ്രസർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന National Programme for Dairy Development (NPDD) പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (സി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് സമഗ്രക്ഷീരവികസന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് നടപ്പു വർഷം തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതി നടപ്പിലാക്കാൻ ക്ഷീരവികസന വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി വകുപ്പിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും 10 കോടി രൂപ വിനിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ